പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3802   19/03/2018 -ൽ മറുപടിയ്ക്ക്

## അഞ്ചും പത്തും ക്ലാസ്സുകളിൽ വിദ്യാർത്ഥികളുടെ കുറവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. വിൻസെന്റ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിൽ 2016 വർഷത്തെ അപേക്ഷിച്ച് 2017 ൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ എത്ര കുറവുണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ ഒന്ന് മുതൽ 10 ക്ലാസ്സുകളിൽ 2016-17 വർഷത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധന വാണ് ഉണ്ടായിട്ടുള്ളത്. മുൻ വർഷത്തെ അപേക്ഷിച്ച് 2017-18 വർഷത്തിൽ 12198 കുട്ടികൾ ഒന്നാം ക്ലാസിൽ അധികമായി ചേർന്നു. രണ്ടു മുതൽ ഒമ്പതു വരെയുള്ള ക്ലാസ്സുകളിൽ കഴിഞ്ഞ വർഷത്തെ താഴ്ന്ന ക്ലാസ്സുകളിൽ നിന്നും പ്രമോഷൻ കിട്ടി വന്ന കുട്ടികളെ കൂടാതെ പുതുതായി 145208 കുട്ടികൾ കൂടി വന്നു ചേർന്നിട്ടുണ്ട്. |
| (ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ അഞ്ചാം ക്ലാസ്സിലും, പത്താം ക്ലാസ്സിലും എത്ര കുട്ടികളുടെ കുറവുണ്ടായിട്ടുണ്ട്? | (ബി) 2017-18 അദ്ധ്യയന വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ 5-ാം ക്ലാസ്സിൽ താഴ്ന്ന ക്ലാസ്സിൽ നിന്ന് പ്രമോഷൻ കിട്ടി വന്ന കുട്ടികളെ കൂടാതെ 40385 കുട്ടികൾ പുതുതായി വന്നു ചേർന്നിട്ടുണ്ട്. പത്താം ക്ലാസ്സിൽ 2016-17 വർഷത്തെ അപേക്ഷിച്ച് 2017-18 വർഷത്തിൽ 841 കുട്ടികളുടെ കുറവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ